## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 583 - 19.03.2013-ലെ മറുപടിക്ക്

### പദ്ധതി അടങ്കൽ സംബന്ധിച്ച വിവരം

**ചോദ്യം**

**ശ്രീ. കെ. സുരേഷ് കുറുപ്പ്**

**ഉത്തരം**

**ശ്രീ. കെ. എം. മാണി**

(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി 2013-14 സാമ്പത്തികവർഷത്തെ പദ്ധതി അടങ്കൽ എത്ര കോടിരൂപയുടേതായിരുന്നു; | പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി 2013-14 സാമ്പത്തികവർഷത്തെ സംസ്ഥാന പദ്ധതി അടങ്കൽ 16182 കോടി രൂപയുടേതായിരുന്നു. |
| (ബി) ഏറ്റവുമൊടുവിൽ മന്ത്രിസഭായോഗം അംഗീകരിച്ച വാർഷികപദ്ധതി എത്ര കോടി രൂപയുടേതാണ്; | ഏറ്റവുമൊടുവിൽ മന്ത്രിസഭായോഗം അംഗീകരിച്ച സംസ്ഥാനത്തെ വാർഷികപദ്ധതി അടങ്കൽ 17000 കോടി രൂപയുടേതാണ്. |
| (സി) ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതമെത്ര; | ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 4000 കോടി രൂപയാണ്. |
| (ഡി) 2013-14 വർഷത്തെ അടങ്കലും, അത് മുൻവർഷത്തേക്കാൾ എത്ര ശതമാനം വർദ്ധനയോടുകൂടിയതാണെന്നും വകുപ്പു തിരിച്ച് വ്യക്തമാക്കുമോ; | 2013-14 വർഷത്തെ സംസ്ഥാന പദ്ധതി അടങ്കലായ 17000 കോടി രൂപ മുൻ വർഷത്തെ അപേക്ഷിച്ച് 21.34 ശതമാനം വർദ്ധനയോട് കൂടിയതാണ്. മേഖല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു |
| (ഇ) വാർഷികപദ്ധതിയിൽ അനുവദിച്ച പണം മുൻവർഷങ്ങളിൽ പാഴാക്കിയതിന്റെ പേരിൽ ഏതെല്ലാം വകുപ്പുകളുടെ 2013-14-ലെ അടങ്കലിൽ എത്ര ശതമാനം വീതം കുറവു വരുത്തുകയുണ്ടായി; | മുൻവർഷങ്ങളിൽ വാർഷികപദ്ധതി ചെലവ് കുറഞ്ഞതിന്റെ ഭാഗമായി വകുപ്പുകളുടെ പദ്ധതി അടങ്കലിൽ കുറവ് വരുത്താറില്ല. |
| (എഫ്) വിലവർദ്ധനയും മറ്റും മൂലം പദ്ധതിനിർവ്വഹണച്ചെലവിൽ ഉണ്ടാകാവുന്ന സ്വാഭാവികവർദ്ധനകൂടി പരിഗണിച്ചാൽ ഫലത്തിൽ പദ്ധതി അടങ്കലിൽ വർദ്ധന ഉണ്ടാകുന്നുണ്ടോ; വിശദമാക്കുമോ? | മുൻ വർഷത്തെ അപേക്ഷിച്ച് 21.34 ശതമാനം വർദ്ധനവോട് കൂടിയ പദ്ധതി അടങ്കൽ വിലവർദ്ധനയുടെ തോതിനെക്കാൾ കൂടുതലാണ്. ആയതിനാൽ പദ്ധതി അടങ്കലിൽ വർദ്ധനയുണ്ടാകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

**2013-14 വർഷത്തെ സംസ്ഥാന പദ്ധതി അടങ്കലിന്റെയും മുൻ വർഷത്തെ അപേക്ഷിച്ചുളള വർദ്ധനവിന്റെയും മേഖല തിരിച്ചുളള പട്ടിക ചുവടെ ചേർക്കുന്നു.**

(തുക കോടിയിൽ)

| | മേഖല | സംസ്ഥാന പദ്ധതി അടങ്കൽ | | |
|---|---|---|---|---|
| | | 2012-13 | 2013-14 | വർദ്ധനവ് ശതമാനത്തിൽ |
| 1 | കൃഷിയും ബന്ധപ്പെട്ട സർവ്വീസുകളും | 1288.47 | 1494.74 | 16.01 |
| 2 | ഗ്രാമ വികസനം | 751.99 | 810.02 | 7.72 |
| 3 | സഹകരണം | 62.00 | 75.00 | 20.97 |
| 4 | ജലസേചനവും വെളളപ്പൊക്ക നിയന്ത്രണവും | 465.80 | 505.14 | 8.45 |
| 5 | വൈദ്യുതി | 1165.41 | 1222.70 | 4.92 |
| 6 | വ്യവസായവും, ധാതുക്കളും | 767.46 | 811.94 | 5.80 |
| 7 | ഗതാഗതവും വാർത്താവിനിമയവും | 1366.72 | 1334.39 | -2.37 |
| 8 | ശാസ്ത്ര സർവ്വീസുകളും ഗവേഷണവും | 112.70 | 141.62 | 25.66 |
| 9 | സാമൂഹ്യവും, സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ | 4650.13 | 5527.77 | 18.87 |
| 10 | സാമ്പത്തിക സർവ്വീസുകൾ | 99.51 | 1000.37 | 905.30 |
| 11 | ജനറൽ സർവ്വീസുകൾ | 51.81 | 76.31 | 47.29 |
| 12 | തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ പ്രാദേശിക ആസൂത്രണ പരിപാടികൾ | 3228.00 | 4000.00 | 23.92 |
| | **ആകെ** | **14010.00** | **17000.00** | **21.34** |

**സെക്ഷൻ ഓഫീസർ**